# ശെന്തുരുണി

കൊല്ലം ജില്ലയിലെ ഏക വന്യജീവി സങ്കേതമാണ് ശെന്തുരുണി പത്തനാപുരം താലൂക്കിൽ ഉൾപ്പെടുന്ന 171 ച. കി. മീറ്റർ വിസ്തൃതിയുള്ള വനപ്രദേശങ്ങൾ ഉൾക്കൊള്ളിച്ച് 1984 – ലാണ് ഇവിടം വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചത്. തദ്ദേശീയവും അപൂർവ്വവുമായ ചെങ്കുറിഞ്ഞി മരങ്ങൾ ( *Gluta travancorica)* നിറഞ്ഞ മേഖലയായതിനാൽ ശെന്തുരുണി എന്ന പേർ ലഭിച്ചു. അഗസ്ത്യമല ബയോ റിസർവ്വിന്റെ ഭാഗമായ ശെന്തുരുണി ഇന്ത്യയിലെ പുരാതന സംസ്കാരത്തിന്റെ ഭാഗമായി കരുതപ്പെടുന്നു. ഇവിടുത്തെ ഗുഹാചിത്രങ്ങൾ ശിലായുഗ സംസ്കാരത്തിന്റെ ഭാഗമായി അറിയപ്പെടുന്നു. തെന്മല ഡാമിന്റെ ജലസംഭരണിയും അതിനുചുറ്റുമുള്ള വനങ്ങളും ഉൾപ്പെട്ടതാണ് ഈ വന്യജീവി സങ്കേതം. ഭാരതത്തിൽ ആദ്യമായി ഇക്കോടൂറിസം പദ്ധതി ആരംഭിച്ചത് തെന്മലയിലാണ്. പശ്ചിമഘട്ട മലനിരകളിലെ മൂന്നിനം സ്ഥാനീയ മത്സ്യങ്ങളും മുന്നൂറോളം സപുഷ്പി സസ്യങ്ങളും ശെന്തുരുണിയിൽ കാണപ്പെടുന്നു. കടുവ, ആന, കാട്ടുപോത്ത്, പുലി, കാട്ടുപൂച്ച തുടങ്ങിയ വന്യജീവികളും ധാരാളം പക്ഷികളെയും ഇവിടെ സംരക്ഷിക്കുന്നു. കൊല്ലത്തുനിന്നും 70 കി.മീറ്ററും, തിരുവനന്തപുരത്തു നിന്നും 75 കി. മീറ്ററും ഈ സങ്കേതത്തിലേക്ക് ദൂരമുണ്ട്. തിരുവനന്തപുരം വൈൽഡ്ലൈഫ് ഡിവിഷന്റെ ഭരണ നിയന്ത്രണത്തിലാണ് ഈ സങ്കേതം.

| | | |
|---|---|---|
| വിസ്തീർണ്ണം | - | 171 ച.കി.മീറ്റർ |
| വർഷപാതം | - | 2600-3000 മി.മീറ്റർ |
| സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം | - | 100 - 1800 മീറ്റർ |
| ഊഷ്മാവ് | - | $17^{o}C$ - $35^{o}C$ |
| സന്ദർശന കാലം | - | നവംബർ-മെയ് |





സങ്കേതത്തിനടുത്തുള്ള ഒറ്റക്കൽ എന്ന സ്ഥലത്ത് വനം വകുപ്പിന്റെ ഇൻസ്പെക്ഷൻ ബംഗ്ലാവും തെന്മല ഡാമിനടുത്തായുള്ള ഫോറസ്റ്റ് ഇൻഫർമേഷൻ സെന്ററിൽ ഡോർമിറ്ററിയും ഉണ്ട്. തീർത്ഥാടന കേന്ദ്രമായ കുളത്തൂപ്പുഴ ശാസ്താക്ഷേത്രം, വിനോദ സഞ്ചാര ആകർഷണമായ പാലരുവി വെള്ളച്ചാട്ടം എന്നിവ ശെന്തുരുണി വന്യജീവി സങ്കേതത്തിന്റെ സമീപത്തുള്ള പ്രദേശങ്ങളാണ്.

*കൂടുതൽ വിവരങ്ങൾക്ക്*


വൈൽഡ്ലൈഫ് വാർഡൻ
ചെന്തുരുണി വന്യജീവി ഡിവിഷൻ
തെന്മല ഡാം പോസ്റ്റ് - 691301
കൊല്ലം ജില്ല. ഫോൺ: 0475 - 2344600
മൊബൈൽ - 9447979081
ഇ-മെയിൽ : www.shendurney@forest.kerala.gov.in.





